**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3010** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ഓരോ പഞ്ചായത്തും തിരിച്ച് ശതമാന കണക്കിൽ ലഭ്യമാക്കുമോ; | (എ) | ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷന്റെ ഭാഗമായുള്ള പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രതീക്ഷിച്ച രീതിയിൽ പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെയാണ് തടസ്സങ്ങൾ; വിശദാംശം നൽകാമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതി പുരോഗതി പ്രാപിച്ചു വരുന്നു. എന്നിരുന്നാലും ജല ജീവൻ മിഷന്റെ ഉടുമ്പൻ ചോല നിയോജക മണ്ഡലത്തിലെ പദ്ധതികളിലെ ചില ഘടകങ്ങളുടെ ടെണ്ടറുകൾക്ക് കരാറുകാരെ ലഭിച്ചിട്ടില്ല. കൂടാതെ കെ.ആർ.എഫ്.ബി റോഡുകൾ, കുഞ്ചിത്തണ്ണി - കജനപ്പാറ സിറ്റി - മുല്ലക്കാനം-എൻ.ആർ സിറ്റി കുമ്പൻ പാറ, രാമക്കൽമേട്-കമ്പംമേട്ട് എന്നീ റോഡുകളും കെ.എസ്.റ്റി.പി റോഡുകളുടെ റോഡ് കട്ടിംഗ് അനുമതിക്കായി പൊതുമരാമത്ത് റോഡുകൾക്കും റോ പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ; | (സി) | സ്ഥലം ഏറ്റെടുക്കുന്നതിനായും റോഡുകളുടെ അനുമതിക്കായും ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് സമയബന്ധിതമായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തടസങ്ങൾ നീക്കുന്നതിനും മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതാത് വകുപ്പുകളുമായി നിരന്തരം ബന്ധപ്പെട്ട് വരുന്നു. |
| (ഡി) | പദ്ധതി എപ്പോൾ പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ഡി) | 2024 മാർച്ച് മാസത്തോട്ടു കൂടി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 2025 മാർച്ച് മാസത്തോട്ടു കൂടി പദ്ധതി പൂർത്തീകരിക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| പഞ്ചായത്ത് | ജൽജീവൻ മിഷൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | കണക്ഷൻ നൽകിയ ശതമാനം |
|---|---|---|---|
| ഇരട്ടയാർ | 1756 | 7755 | 23 |
| കരുണാപുരം | 34 | 6906 | 1 |
| നെടുങ്കണ്ടം | 170 | 6050 | 3 |
| പാമ്പാട്ടുംപാറ | 65 | 5031 | 1 |
| രാജാക്കാട് | 103 | 2847 | 4 |
| രാജകുമാരി | 464 | 5214 | 9 |
| ശാന്തൻപാറ | 67 | 4737 | 1 |
| സേനാപതി | 602 | 4736 | 13 |
| ഉടുമ്പഞ്ചോല | 0 | 4208 | 0 |
| വണ്ടൻമേട് | 236 | 8495 | 3 |
| ആകെ | **3497** | **55979** | **6** |